₹ 5/-

# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 11
Issue 10

**April 2023**

pages 24

“ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സ് കുരുടാക്കി. ഞങ്ങളെത്തന്നെ അല്ല, ക്രിസ്തുയേശുവിനെ കർത്താവ് എന്നും ഞങ്ങളേയോ യേശു നിമിത്തം നിങ്ങളുടെ ദാസന്മാർ എന്നും അത്രേ ഞങ്ങൾ പ്രസംഗിക്കുന്നത്”

**(2 കൊരിന്ത്യർ 4:4,5)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

Since 2012 | REAL LIFE VOICE | No. 136

Volume 11 Issue 10 April 2023 pages 24 Rs.5/

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

**താത്പര്യമുള്ളവർക്ക് വരി സംഖ്യയോ സംഭാവനയോ Google Pay/PhonePe ചെയ്യാം. അല്ലെങ്കിൽ ബാങ്കി ലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യാം. ദയവായി മണി ഓർഡർ അയയ്ക്കരുത്**

*Bank:*
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V

**Email:**
reallifekottekad@gmail.com

**Website:**
www.reallifevoice.in

**Book No. 136**

## ഉള്ളടക്കം

| | പേജ് |
|---|---|
| • കുട്ടികളുടെ തന്ത്രങ്ങൾ | 3 |
| • പ്രതികരണങ്ങൾ | 7 |
| • വിശ്വസത്നായ ശമൂവേലേട്ടൻ | 8 |
| • ദൈവത്തിന്റെ വിശ്വസ്തത (12) | 10 |
| • റോമർ 16 ലെ ദൈവമക്കൾ (9) | 13 |
| • ഹബക്കൂക് (14) | 16 |
| • കൊച്ചുണ്ണിയുടെ ബൈബിൾവായന | 19 |
| • ഓരോരോ ജന്മങ്ങള് (11) | 21 |
| • ആനയായി ജനിച്ചാൽ മതി... | 24 |

ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# കുട്ടികളുടെ തന്ത്രങ്ങൾ

മാതാപിതാക്കളെ പറ്റിക്കുന്ന കാര്യത്തിൽ ഇന്നത്തെ കുട്ടികൾ തങ്ങളുടെ മിടുക്ക് പല നിലകളിൽ പ്രദർശിപ്പിക്കാറുണ്ട്. മക്കളെ അന്ധമായി വിശ്വസിക്കുന്ന മാതാപിതാക്കൾ സ്വന്തം മക്കളുടെ നുണക്കൂമ്പാരങ്ങളും അഭിനയപാടവവും തിരിച്ചറിയാറുമില്ല. അഥവാ, തിരിച്ചറിഞ്ഞുവരുമ്പോഴേക്കും തിരുത്താൻ ബുദ്ധിമുട്ടുള്ള വിധം കാര്യങ്ങൾ വഷളായിക്കഴിഞ്ഞിട്ടുണ്ടാകും. പല കുടുംബങ്ങളിലും കുട്ടികൾ മാതാപിതാക്കൾക്ക് തലവേദനയും അപമാനവും വരുത്തിക്കൊണ്ടിരിക്കയാണ്.

ഈ പ്രശ്നങ്ങൾ ഒഴിവാക്കാൻ എന്താണ് മാർഗ്ഗം? “ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല”എന്നു വേദപുസ്തകം പറയുന്നു (സദൃശ.22:6). ചെറുപ്പം മുതലേ മക്കളുടെ കൊച്ചുവാശികൾക്കും പിണക്കങ്ങൾക്കും മുമ്പിൽ മുട്ടുമടക്കുന്ന മാതാപിതാക്കൾ, പിടിവാശികളുടെയും പിണക്കങ്ങളുടെയും ‘മൂല്യം’ കുട്ടികൾക്ക് കാണിച്ചുകൊടുക്കുന്നു. പിടിവാശി, പിണക്കം എന്നിവയിലൂടെ വിജയകരമായി വിലപേശാം എന്നു കുട്ടികൾ തിരിച്ചറിയുന്നു.

“വടി ഉപയോഗിക്കാത്തവൻ തന്റെ മകനെ പകയ്ക്കുന്നു; അവനെ സ്നേഹിക്കുന്നവനോ ചെറുപ്പത്തിലേ അവനെ ശിക്ഷിക്കുന്നു” എന്നും ബൈബിൾ പറയുന്നുണ്ട് (സദൃശ. 13:24). പക്ഷേ മക്കളെ ശാസിക്കാനും ശിക്ഷിക്കാനും ഇന്ന് മാതാപിതാക്കൾ ഭയക്കുന്നു. ബാലാവകാശ കമ്മീഷൻ, പോലീസ്, കോടതി എന്നിവയെല്ലാം ഇടപെട്ടെന്നു വരും. മാത്രമല്ല, മക്കൾ ആത്മഹത്യ ചെയ്യുമോ എന്ന ഭയം, വീട് വിട്ടുപോകുമോ എന്ന ഭയം... ചില രക്ഷിതാക്കൾക്ക് മക്കൾ തങ്ങളെ തല്ലുമോ എന്ന ഭയവുമുണ്ട്. ഈ സാഹചര്യങ്ങളെല്ലാം പരമാവധി മുതലാക്കിക്കൊണ്ട് കുട്ടികൾ അങ്ങേയറ്റം തിന്മയുടെ പാതകളിൽ സഞ്ചരിക്കുകയും ചെയ്യുന്നു.

മക്കളെ നിയന്ത്രിക്കാനും അവരെ നേർവഴിയിൽ നടത്താനും ശ്രമിക്കുന്ന രക്ഷിതാക്കളുടെ നേരെ കുട്ടികൾ ഉപയോഗിക്കുന്ന ചില തന്ത്രങ്ങളുണ്ട്. ആ തന്ത്രങ്ങളിൽ മിക്ക രക്ഷിതാക്കളും വീഴുന്നു. അവയിൽ ചിലതാണ് താഴെ കൊടുത്തിരിക്കുന്നത്:

**"അമ്മയ്ക്ക് എപ്പോഴും എന്നെ സംശയമാണ്"**

"നീ എന്താ ഇന്ന് വൈകിയത്?" "നീ ഇന്ന് മൊബൈലിൽ കുറെ നേരം സമയം ചെലവഴിച്ചില്ലേ?" "ആരാ നിന്നെ ഫോണിൽ വിളിച്ചത്?" "ആർക്കാണ് നീ ഇപ്പോൾ മെസേജ് അയച്ചത്?" തുടങ്ങിയ ചോദ്യങ്ങളുമായി മക്കൾ നേർവഴിയിലൂടെ തന്നെയാണോ നടക്കുന്നത് എന്ന് പരിശോധിക്കുന്ന അമ്മയോട് മക്കൾ പറയുന്ന ഒരു വാചകമാണ് ഇത്: "അമ്മയ്ക്ക് എപ്പോഴും എന്നെ സംശയമാണ്. സംശയരോഗിയാണ് അമ്മ."

വാസ്തവത്തിൽ ഇത് പ്രതിരോധത്തിന്റെ ഭാഗമായാണ് മക്കൾ പറയുന്നത് എന്ന് തിരിച്ചറിയുക. മക്കളുടെ ഈ വാചകത്തിന്റെ മുമ്പിൽ മാതാപിതാക്കൾ തോൽക്കേണ്ടതില്ല. "ഇതെല്ലാം ചോദിക്കേണ്ടത് എന്റെ ഉത്തരവാദിത്തമാണ്" എന്നു ശക്തമായി പറയണം. "മനസ്സിൽ കള്ളത്തരമില്ലെങ്കിൽ ഈ ചോദ്യങ്ങൾക്കെല്ലാം മുറുമുറുപ്പ് കൂടാതെ മറുപടി പറയാൻ നിനക്ക് കഴിയില്ലേ" എന്നു അവരോട് ചോദിക്കണം.

ഒരു ഒമ്പതാംക്ലാസ്സുകാരിയുടെ തീ പിടിക്കും വിധമുള്ള പ്രണയത്തെക്കുറിച്ച് അവളുടെ അമ്മയോട് പറഞ്ഞപ്പോൾ ആ അമ്മ വേദനയോടെ എന്നോട് പറഞ്ഞത് ഇപ്രകാരമാണ്: "ഞാൻ അവളോട് എല്ലാം ചോദിച്ചറിയാൻ ശ്രമിക്കുമായിരുന്നു. അവൾ അപ്പോൾ മുഖം വീർപ്പിച്ച്, അമ്മ സംശയരോഗിയാണ് എന്നു പറഞ്ഞു. അപ്പോൾ ഞാൻ ഒന്നു പിൻവാങ്ങിയതാണ്." നോക്കുക. മകളുടെ തന്ത്രം എത്ര ഭംഗിയായി വിജയിച്ചു!

**"മറ്റുള്ള അമ്മമാരൊന്നും ഇങ്ങനെയല്ല"**

"എന്റെ കൂട്ടുകാരുടെ അമ്മമാരൊന്നും ഇങ്ങനെയല്ല. അവർക്ക് മക്കളെ വിശ്വാസമാണ്. അമ്മ മാത്രമാണ് ഇങ്ങനെ... എന്റെ കൂട്ടുകാർ ചോദിക്കും, നിന്റെ അമ്മ ജയിൽസൂപ്രണ്ട് ആണോ എന്ന്." കുട്ടികൾ തീർക്കുന്ന പ്രതിരോധത്തിന്റെ മറ്റൊരു തന്ത്രമാണിത്. ഇതിന് നല്ല ചുട്ട മറുപടി കൊടുക്കാൻ രക്ഷിതാക്കൾ തയ്യാറാവണം. "മറ്റുള്ള അമ്മമാർ എന്തു ചെയ്യുന്നു എന്നു നോക്കിയല്ല ഞാൻ എന്റെ മക്കളെ വളർത്തേണ്ടത്. എന്റെ മക്കളെ ശ്രദ്ധിക്കേണ്ടത് എന്റെ ഉത്തരവാദിത്തമാണ്" എന്ന് ശക്തമായി അവരോട് പറയണം.

**ഭക്ഷണം വെടിയലും മുഖം വീർപ്പിച്ച് ഇരിക്കലും**

മക്കളുടെ ഈ തന്ത്രത്തിന്റെ മുന്നിൽ ഒരു വിധം അമ്മമാരെല്ലാം തോറ്റുപോകും. നല്ല മാനസികബലത്തോടെ അമ്മമാർ ഇതിനെ നേരിടണം. വിശക്കുമ്പോൾ തന്നെ വന്ന് ഭക്ഷണം കഴിച്ചുകൊള്ളും എന്ന് മനസ്സിലാക്കുക. മക്കളുടെ ഈ തന്ത്രത്തിന്റെ മുന്നിൽ ഒരു തവണ മാതാപിതാക്കൾ ജയി

ച്ചാൽ പിന്നെ ഈ അടവ് ഉപയോഗിക്കാൻ മക്കൾ ധൈര്യപ്പെടില്ല. മക്കൾ പട്ടിണി കിടക്കുമ്പോഴേക്കും അമ്മമാരുടെ മനസ്സ് അലിയുന്ന സ്ഥിതി ഉണ്ടാകരുത്.

**ആത്മഹത്യാഭീഷണിയും വീടുവിട്ടുപോകും എന്ന ഭീഷണിയും**

ഏറ്റവും കൂടുതൽ കുട്ടികൾ ഉപയോഗിച്ചുവരുന്ന തന്ത്രമാണിത്. മാതാപിതാക്കൾ ഈ തന്ത്രത്തിന്റെ മുന്നിൽ മുട്ടുമടക്കി സാഷ്ടാംഗം വീണുപോകുന്നു. ഇത്തരം ഭീഷണികൾ മുഴക്കുന്ന കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുകയും വേണം. കൗൺസലിംഗ് കൊടുക്കാം. എന്നിട്ടും മാറുന്നില്ലെങ്കിൽ സൈക്കോളജിസ്റ്റിനേയോ സൈക്ക്യാട്രിസ്റ്റിനേയോ കാണിക്കാം.

ആത്മഹത്യാഭീഷണിയും വീടുവിട്ടുപോകും എന്ന ഭീഷണിയുമായി വിലപേശി കഴിയാൻ കുട്ടികളെ ഒരിക്കലും അനുവദിക്കരുത്. മാതാപിതാക്കൾ അവരുടെ ഉത്തരവാദിത്തം കൃത്യമായും കണിശമായും നിറവേറ്റുക. അതിനെത്തുടർന്ന് ആ കുട്ടികൾ ജീവനൊടുക്കുകയോ നാടുവിട്ട് പോവുകയോ ചെയ്യുന്നെങ്കിൽ.... ഞാൻ തുറന്നു പറയട്ടെ: ഇങ്ങനെ വിലപേശി, അവർക്ക് തോന്നിയ പോലെ അവർ മറ്റുള്ളവരുടെ സന്തോഷം നഷ്ടപ്പെടുത്തി ജീവിക്കുന്നതിലും ഭേദം അവർ ആത്മഹത്യ ചെയ്യുകയോ വീടുവിട്ടു പോവുകയോ ആണ്.

ആത്മഹത്യ, വീടുവിട്ടുപോകൽ എന്നീ ചിന്തകളുമായി വിലപേശി കഴിയുന്ന മക്കളെക്കൊണ്ട് കണ്ണീരും വേദനയും അപമാനവുമല്ലാതെ മറ്റൊന്നും ലഭിക്കാനില്ല. മാതാപിതാക്കൾ, 'വരുന്നിടത്ത് വച്ച് കാണാം' എന്ന നയവുമായി മുന്നേറണം. തിരൂരിൽ ഈയിടെ ഒരു ഒമ്പതാംക്ലാസ്സ് വിദ്യാർത്ഥിനി തൂങ്ങിമരിച്ചു. അവളുടെ പ്രണയത്തിനോ മൊബൈൽ ഉപയോഗത്തിനോ വീട്ടുകാർ എതിര് നിന്നിരുന്നില്ല. എതിർത്തിട്ട് കാര്യമില്ലാത്തതുകൊണ്ടായിരിക്കാം. എന്നിട്ടും അവൾ ആത്മഹത്യ ചെയ്തു. പ്രണയനൈരാശ്യമാണത്രേ കാരണം! അപ്പോൾ അവളുടെ പ്രണയത്തെയും മൊബൈൽദുരുപയോഗത്തേയും വീട്ടുകാർ എതിർക്കാതിരുന്നതുകൊണ്ട് എന്തു പ്രയോജനമാണ് ഉണ്ടായത്?

**"എന്റെ മോൻ എല്ലാ കാര്യവും എന്നോടു പറയും"**

കുട്ടികളുടെ ഏറ്റവും ബുദ്ധിപരമായ തന്ത്രമാണിത്. അതായത്, എല്ലാ കാര്യവും അമ്മയോട് പറയും എന്ന വിശ്വാസം അമ്മയിൽ ഉണ്ടാക്കിയെടുക്കുക എന്നതാണ് അത്. ഒട്ടുമിക്ക അമ്മമാരും അഭിമാനത്തോടെ ഇങ്ങനെ പറയുന്നത് കേട്ടിട്ടുണ്ട്: "അവൻ എല്ലാ കാര്യവും എന്നോടു വന്നു പറയും." അമ്മമാരേ, നിങ്ങളുടെ മക്കൾ എല്ലാ കാര്യവും നിങ്ങളോട് വന്ന് പറയു

ന്നുണ്ടെന്ന് നിങ്ങൾക്കെന്താണ് ഉറപ്പ്? എന്തൊക്കെ കാര്യങ്ങൾ നടന്നിട്ടുണ്ട് എന്ന് നിങ്ങൾക്കറിയാത്തതുകൊണ്ട്, മക്കൾ എല്ലാ കാര്യവും നിങ്ങളോട് വന്നു പറയുന്നുണ്ട് എന്നു നിങ്ങൾക്കെങ്ങനെ ഉറപ്പിക്കാനാവും?

എന്റെ അനുഭവം പറയാം: ഒന്നാം വർഷ ബിരുദവിദ്യാർത്ഥിനിയായ ഒരു പെൺകുട്ടിയുടെ അമ്മയെ ഞാൻ ഫോണിൽ വിളിച്ച്, "മകൾ കോളേജ് ബസ്സിൽ ഒരു ആൺകുട്ടിയുടെ കൂടെ ഇരുന്ന്...." എന്നു പറയുമ്പോഴേക്കും ആ അമ്മ എന്നോട് പറഞ്ഞത് ഇങ്ങനെ: "ഉവ്വുവ്വ്, അവള് എല്ലാ കാര്യവും എന്നോടു വന്നു പറയാറുണ്ട്. അവന്റെ കൂടെ ഇരിക്കാറുള്ള കാര്യവും പറയാറുണ്ട്." "ഞാൻ മുഴുവനും പറയട്ടെ" എന്നു പറഞ്ഞ് ഞാൻ വീണ്ടും തുടങ്ങി: "ബസ്സിന്റെ പുറകിലെ സീറ്റിൽ അവർ രണ്ടുപേരും ഒരുമിച്ച് ഇരിക്കും. ബസ്സിന്റെ വിൻഡോഷട്ടർ അവർ താഴ്ത്തിയിടും. എന്നിട്ടു കെട്ടിപ്പിടിച്ചും ഉമ്മവച്ചും ആണ് ഇരിക്കുന്നത്. ബസ്സിന്റെ ഡ്രൈവർ റിപ്പോർട്ട് ചെയ്ത കാര്യമാണിത്. പ്രിൻസിപ്പലിന്റെ നിർദ്ദേശപ്രകാരമാണ് ക്ലാസ്സ്ടീച്ചറായ ഞാൻ നിങ്ങളെ ഇതെല്ലാം അറിയിക്കുന്നത്. അവർ രണ്ടുപേരോടും നേരിട്ട് ഒന്നുരണ്ടു വട്ടം ഞാൻ പറഞ്ഞിരുന്നു. എന്നിട്ട് മാറ്റമില്ലാത്തതുകൊണ്ടാണ് വീട്ടുകാരെ അറിയിക്കുന്നത്." മറുവശത്ത് നിന്ന് അല്പനേരത്തേക്ക് മറുപടിയൊന്നും ഉണ്ടായില്ല. "ഇതെല്ലാം മോള് അമ്മയോട് പറഞ്ഞിരുന്നുവോ?" എന്നു ഞാൻ ചോദിച്ചപ്പോൾ "ഇല്ല" എന്നു പതിഞ്ഞ സ്വരത്തിൽ അമ്മയുടെ മറുപടി.

മക്കളുടെ തന്ത്രം കണ്ടോ! കുറച്ചു കാര്യങ്ങൾ മാത്രം വീട്ടിൽ വന്നു പറയും. എല്ലാ കാര്യവും വീട്ടിൽ പറയും എന്ന വിശ്വാസം മാതാപിതാക്കളിൽ ജനിപ്പിക്കും. "ഞാൻ എല്ലാ കാര്യവും വീട്ടിൽ പറയും" എന്നു മക്കളും, "എന്റെ മോൻ എല്ലാ കാര്യവും വീട്ടിൽ വന്നു പറയും" എന്നു അമ്മമാരും വീമ്പിളക്കും. അമ്മമാരുടെ ഈ വിശ്വാസം മുതലെടുത്ത് മക്കൾ തങ്ങൾക്കു തോന്നിയപോലെ നടക്കുകയും ചെയ്യും. (കുറച്ചു കുട്ടികളെങ്കിലും ഇതിന് അപവാദമായുണ്ടായിരിക്കാം)

**എന്താണ് മാതാപിതാക്കൾ ചെയ്യേണ്ടത്?**

മാതാപിതാക്കൾ തങ്ങളുടെ മക്കൾക്കുവേണ്ടി പ്രാർത്ഥിക്കണം. അവരെ നേർവഴിയിൽ നടത്തണം. അവർക്ക് മാതൃകയാകണം. അവരെ ഉപദേശിക്കണം, ശാസിക്കണം. പ്രായം അധികമായിട്ടില്ലെങ്കിൽ വടിയെടുത്ത് ശിക്ഷിക്കണം. അവരുടെ തന്ത്രങ്ങൾക്കും വിലപേശലുകൾക്കും കീഴടങ്ങരുത്. അവർ ആത്മഹത്യ ചെയ്യുമെന്നോ വീടുവിട്ടുപോകുമെന്നോ ഉള്ള ഭയം നമ്മെ ഭരിക്കാൻ അനുവദിക്കരുത്. അതെല്ലാം ദൈവം നോക്കിക്കൊള്ളട്ടെ.

**(എംവിഎസ്)**

# പ്രതികരണങ്ങൾ

### Abhilash V, Koduman East, Pathanamthitta

മാർച്ച് മാസത്തിലെ മാസിക കിട്ടി. *പണമല്ല, പ്രതികരണങ്ങൾ അയയ്ക്കൂ* എന്ന് അതിൽ എഴുതിക്കണ്ടു. എന്ത് സാധനങ്ങൾ വാങ്ങിയാലും അവർ ചോദിക്കുന്ന പണം കൊടുക്കേണ്ട ഒരു കാലത്താണല്ലോ നാം ജീവിക്കുന്നത്. ഈ സാഹചര്യത്തിലും *റിയൽ ലൈഫ് വോയ്സ്* സൗജന്യമായി അയച്ചുകൊടുക്കുന്ന നിങ്ങളെ പരിശുദ്ധനായ ദൈവം അനുഗ്രഹിക്കുക തന്നെ ചെയ്യും. സംശയമില്ല. പ്രാർത്ഥിച്ചോളാം.

### T S Joseph, Mudicod, Thrissur

മാർച്ച്മാസത്തിലെ മാസിക വായിച്ചു. *അവലോകനയോഗം* എന്ന ചെറുകഥ നന്നായിരുന്നു. റോമാലേഖനം പതിനാറാം അദ്ധ്യായത്തിൽ ഓരോ ദൈവപൈതലിനെയും കുറിച്ച് പൗലൊസ് എഴുതിയത് വിശദീകരിച്ചിരിക്കുന്നത് അർത്ഥവത്താണ്, നന്നായിരിക്കുന്നു. വ്യക്തിപരമായി എനിക്ക് വലിയ താത്പര്യമാണ് ഈ മാസിക.

### Ruth James, Kalanjoor, Pathanamthitta

മാസികയിലെ രചനകൾ ഞാൻ വായിക്കുന്നത് വളരെ സന്തോഷത്തോടുകൂടിയാണ്. ഹബക്കൂകിന്റെ പുസ്തകപഠനവും റോമാലേഖനം 16–ാം അദ്ധ്യായത്തിൽനിന്നുള്ള ചിന്തകളും വളരെ പ്രയോജനകരമാണ്. വിവാഹമോചനം നേടിയ ഒരു സഹോദരിയുടെ പുനർവിവാഹത്തിനായുള്ള പരസ്യം ഏകദേശം ആറ് മാസങ്ങൾക്കു മുമ്പ് മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നത് കണ്ടിരുന്നു. ക്രൈസ്തവലോകത്തെ തെറ്റായ പ്രവണതകളെ വിമർശിക്കുന്ന *റിയൽ ലൈഫ് വോയ്സിൽ* അപ്രകാരമൊരു പരസ്യം പ്രസിദ്ധീകരിച്ചത് ഉചിതമായില്ലല്ലോ എന്നെനിക്ക് തോന്നി.

### Kuriakose K M, Puduppady, Kozhikode

മാർച്ച്മാസത്തിലെ എഡിറ്റോറിയൽ നന്നായി. ജയകൃഷ്ണൻമാഷിന്റെ കൊലപാതകവും ജോസഫ്സാറിന്റെ കൈവെട്ടലുമൊക്കെ കേട്ടിട്ടുണ്ടെങ്കിലും അതിനെത്തുടർന്ന് രണ്ട് സ്ത്രീകൾ ആത്മഹത്യ ചെയ്തതിന്റെ വിശദാംശങ്ങൾ അറിയാമായിരുന്നില്ല. മാസികയിലൂടെയാണ് അതറിയാൻ കഴിഞ്ഞത്. ബൈബിൾസംബന്ധമായ ലേഖനങ്ങളോടൊപ്പം ഇത്തരം ലേഖനങ്ങളും മാസികയിൽ കൊടുക്കുന്നത് പ്രയോജനകരം തന്നെയാണ്. ❍

# വിശ്വസ്തനായ ശമൂവേലേട്ടൻ

**(01-05-1935....15-03-2023)**




എല്ലാവരെയും നിറപുഞ്ചിരിയോടെ സ്വീകരിക്കുന്ന ടി.ഡി. ശമൂവേൽ എന്ന ദൈവദാസന്റെ വേർപാടിലൂടെ, ലാലൂരിലെ ക്രിസ്തുസഭയ്ക്ക് ഏകദേശം രണ്ടു മാസത്തിന്റെ ഇടവേളയിൽ, കൃത്യമായി പറഞ്ഞാൽ 68 ദിവസത്തിന്റെ ഇടവേളയിൽ, രണ്ടാമത്തെ മൂപ്പനെയും നഷ്ടപ്പെട്ടിരിക്കുകയാണ്. കർത്തൃദാസൻ കെ. ആർ. ജോസിന്റെ വേർപാട് വരുത്തിവച്ച വിടവ് പരിഹരിക്കുന്നതിന് സഭയ്ക്ക് ഇപ്പോഴും കഴിഞ്ഞുവോ, എന്തോ!

വർഷങ്ങൾക്കുമുമ്പ് ഞാൻ കുടുംബമായി ക്രിസ്തുസഭയുടെ കൺവൻഷനിൽ പങ്കെടുക്കാനായി വരുമ്പോൾ പന്തലിന്റെ അടുത്തായി ശുഭ്രവസ്ത്രധാരിയായി ശമൂവേലേട്ടൻ നിൽപ്പുണ്ടാവും. പുഞ്ചിരിയോടെ കൈ തരും. എന്നെ മനസ്സിലായിട്ടൊന്നുമല്ല. ആതിഥ്യമര്യാദയുടെ പ്രദർശനമായിരുന്നു അത്! കാലം മുന്നോട്ടു നീങ്ങിയപ്പോൾ ശമൂവേലേട്ടനുമായി കൂടുതൽ അടുക്കാൻ കഴിഞ്ഞു.

പ്രാർത്ഥിക്കുമ്പോഴും പ്രസംഗിക്കുമ്പോഴും വലിയ ഉന്മേഷത്തോടെ ശബ്ദമുയർത്തി അദ്ദേഹം അത് നിർവഹിക്കുന്നതാണ് ഞാൻ കണ്ടിട്ടുള്ളത്. മറ്റുള്ളവർ പ്രാർത്ഥിക്കുമ്പോൾ ശബ്ദമുയർത്തി ആമേൻ, സ്തോത്രം, ഹല്ലേലുയ്യാ എന്നൊക്കെ പറയുന്നത് കേട്ടിട്ടുണ്ട് (നമ്മുടെ ഇടയിൽ ഇത്തരം പതിവുകൾ പലപ്പോഴും കാണാറില്ല. ഒരാൾ പ്രാർത്ഥിക്കുമ്പോൾ മറ്റുള്ളവർ മൗനവ്രതം അനുഷ്ഠിക്കുന്ന പോലെയാണ് കാണാറുള്ളത്)

രോഗബാധിതനായ ശമൂവേലേട്ടനെ അദ്ദേഹത്തിന്റെ വീട്ടിൽ ചെന്ന് കണ്ടതിനുശേഷം ഞാനും ഭാര്യയും പിന്നീട് പോയത് കെ. ആർ. ജോസേട്ടന്റെ വീട്ടിലേക്കായിരുന്നു. അവിടെവച്ച് ജോസേട്ടന്റെ മൂത്ത മകൾ ഫാനി സഹോദരി ശമൂവേലേട്ടനെക്കുറിച്ച് പറഞ്ഞ വാക്കുകൾ ഇപ്രകാരമായിരുന്നു: "ശമൂവേലേട്ടൻ തികഞ്ഞ മാന്യനാണ്. എന്നെ ആരും മാനിച്ചില്ല, എനിക്ക് ആ ശുശ്രൂഷ തന്നില്ല, ഇങ്ങനെയുള്ള പരാതികളൊന്നും അദ്ദേഹത്തിനില്ല.

ഇത്തരം കോംപ്ലക്സുകളൊന്നും ആൾക്കില്ല.” ഒരു വലിയ സാക്ഷ്യമാണിത്. ഇത്തരം സാക്ഷ്യം വച്ചുപുലർത്തുന്നവർ ക്രൈസ്തവസഭയിൽ വിരളമായിരിക്കും.



# സാധുജന സേവകൻ ശമുവേൽ ഇനി ഓർമ

തൃശൂർ • പടിഞ്ഞാറേക്കോട്ട സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ 48 വർഷം നിസ്വാർഥ സേവനം ചെയ്ത തൈക്കാട്ടിൽ ടി.ഡി. ശമുവേൽ (87) ഓർമയായി. രോഗികളെ പരിചരിക്കുന്നതിനൊപ്പം ആശുപത്രി വികസന സമിതിയുമായി ചേർന്നു വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു. ആശുപത്രിയിലെ ഒക്യുപേഷനൽ തെറപ്പി ആൻഡ് റിഹാബിലിറ്റേഷൻ സെന്ററിന്റെ ജോയിന്റ് സെക്രട്ടറി ആയിരുന്നു. ആശുപത്രിയിലെ അന്തേവാസികൾക്കായി കൃഷി, പന്നിവളർത്തൽ, കവർ നിർമാണം തുടങ്ങിയ കൈത്തൊഴിലുകൾ പരിശീലിപ്പിക്കുന്നതിൽ പങ്കാളിയായി. ലാലൂർ ഗ്രൗണ്ടിനു സമീപത്തെയും അസീസി നഗറിലെയും നൂറുകണക്കിനു കുടുംബങ്ങളിൽ സേവനം ചെയ്തു. 1954-55 കാലത്ത് കമ്യൂണിസ്റ്റ് പാർട്ടിയുടെ പടിഞ്ഞാറേക്കോട്ട ബ്രാഞ്ച് ഭാരവാഹിയായിരുന്നു. പിന്നീട് ചർച്ച് ഓഫ് ക്രൈസ്റ്റ് സഭാംഗമായി ആതുര സേവന രംഗത്തു സജീവമായി.

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വലിയ പ്രാധാന്യത്തോടെ കാണുന്ന ഒരു ദിവസമാണ് മെയ് 1 – ലോകതൊഴിലാളിദിനം. അന്നാണ് ശമുവേലേട്ടന്റെ ജനനം. വളർന്നപ്പോൾ അദ്ദേഹം തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായിത്തീരുകയും ചെയ്തു. തൊഴിൽസമരം, വഴി തടയൽ, ജയിൽവാസം... അങ്ങനെ ഒരു പക്കാ കമ്മ്യൂണിസ്റ്റിന്റെ പാതയിലൂടെയുള്ള പ്രയാണത്തിനിടയിൽ കർത്താവിന്റെ കാൽവരിക്രൂശിലെ സ്നേഹത്താൽ പിടിക്കപ്പെടുവാനുള്ള മഹാഭാഗ്യം അദ്ദേഹത്തിനുണ്ടായി.

അദ്ദേഹത്തിന്റെ സ്വന്തം വാക്കുകൾ നോക്കുക: “വർഷങ്ങൾക്കുമുമ്പ് എന്റെ അപ്പൂപ്പന്റെ പ്രാർത്ഥനയും ഞാൻ സബ്ജയിലിൽ ആയിരുന്നപ്പോൾ എന്റെ പ്രിയപ്പെട്ട ഭാര്യയുടെ ഉപവാസവും പ്രാർത്ഥനയും ഒരു കാലത്ത് ലോകപ്രകാരം സമാധാനം അന്വേഷിച്ചു കഴിഞ്ഞിരുന്ന എന്റെ ഹൃദയത്തിൽ ക്രിസ്തുവിന്റെ സ്നേഹം പകർന്ന് സമാധാനത്തിന്റെ ആഴത്തിൽ എന്നെ കൊണ്ടെത്തിച്ചു. എന്തൊരു സന്തോഷം! എന്തൊരു സമാധാനം!” (*കരിസ്മ*, ക്രിസ്തുസഭയുടെ പ്രസിദ്ധീകരണം, പേജ് 34)

രക്ഷിക്കപ്പെട്ട അന്നു മുതൽ കമ്മ്യൂണിസ്റ്റുപ്രസ്ഥാനമായിരുന്നില്ല അദ്ദേഹത്തിന്റെ മനസ്സിൽ! അദ്ദേഹം വിശ്വസ്തനായി സഭയിൽ തുടരുകയും ഏല്പിച്ച ശുശ്രൂഷകൾ നിവർത്തിക്കുകയും ചെയ്തു. തൃശ്ശൂരിലെ ഗവ. മാനസികാരോഗ്യകേന്ദ്രത്തിൽ രോഗികളെ പരിചരിച്ചുകൊണ്ട് കഴിഞ്ഞ 50 വർഷം അദ്ദേഹം ചെയ്തിട്ടുള്ള സേവനങ്ങൾ പ്രത്യേകം എടുത്തു പറയേണ്ടതാണ്.

**(ശമുവേലേട്ടനെക്കുറിച്ച് മലയാള മനോരമ പ്രസിദ്ധീകരിച്ച വാർത്തയാണ് മുകളിൽ കോളത്തിൽ കൊടുത്തിരിക്കുന്നത്)** ❍

# ദൈവത്തിന്റെ വിശ്വസ്തത
## [ FAITHFULNESS OF GOD ]

**സാഗറിലെ സുവിശേഷകനായിരുന്ന ഡോ. റ്റി. എ. കുര്യന്റെ ജീവചരിത്രം**

**Prof. T. John Mathew**
പരിഭാഷ: എം. വി. സെബാസ്റ്റ്യൻ

12

**ഡോ. റ്റി. എ. കുര്യൻ**
**(1920–2007)**

**50–തിലധികം വർഷങ്ങൾ മദ്ധ്യപ്രദേശിലെ സാഗർ കേന്ദ്രമാക്കിക്കൊണ്ട് സുവിശേഷവേല ചെയ്തു.**

**ബൈബിളിന്റെ മൂലഭാഷകളായ ഹീബ്രുവും ഗ്രീക്കും പലരേയും പഠിപ്പിച്ചു.**

**ഹിന്ദിയിൽ 1036 പേജുകളുള്ള 'യീശു ചരിത മാനസ്' എന്ന മഹാകാവ്യം രചിച്ചു.**

**മഹാകവി കെ. വി. സൈമന്റെ ജീവചരിത്രം തയ്യാറാക്കി പ്രസിദ്ധീകരിച്ചു.**

അദ്ദേഹത്തിന്റെ മക്കൾക്കും കൊച്ചുമക്കൾക്കും വായിച്ചു മനസ്സിലാക്കാൻ കഴിയണമെന്നാഗ്രഹിച്ചതിനാൽ ഈ ഗ്രന്ഥത്തിന്റെ രചന ഇംഗ്ലീഷിലാണ് ഗ്രന്ഥകർത്താവ് നിർവ്വഹിച്ചത്. കേരളത്തിലെ വിശ്വാസികൾക്കു വേണ്ടി അത് പരിഭാഷപ്പെടുത്തി ഇവിടെ പ്രസിദ്ധീകരിക്കുന്നു.
**(എഡിറ്റർ)**

### അചഞ്ചലമായ വിശ്വാസം

ഭക്ഷണം ആവശ്യത്തിനു ഇല്ലെന്നു വന്നാലും ഒരു സുവിശേഷകൻ എന്ന നിലയിൽ തന്റെ കർത്തവ്യം തുടരുക തന്നെ ചെയ്യണമെന്ന് ശ്രീ. കുര്യൻ തീരുമാനിച്ചിരുന്നു. കുടിവെള്ളം കൊണ്ട് മാത്രം തൃപ്തരാകേണ്ട സാഹചര്യം കുര്യനും ഭാര്യക്കും മക്കൾക്കും ചിലപ്പോഴൊക്കെ ഉണ്ടായി. അത്തരം സന്ദർഭങ്ങളിൽ അവർ പിറുപിറുക്കുകയോ ദൈവവിശ്വാസത്തിൽനിന്നു പിന്മാറുകയോ ചെയ്യാതെ സന്തോഷത്തോടെ അത് സഹിക്കാൻ തയ്യാറായി.

ഇത്തരം ബുദ്ധിമുട്ടുകളെല്ലാം ഒരു മിഷനറിയുടെ ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത കാര്യങ്ങളാണെന്ന് അവർ തിരിച്ചറിഞ്ഞു. ദൈവം തക്കസമയത്ത് പ്രശ്നങ്ങൾക്ക് പരിഹാരം വരുത്തുമെന്ന് അവർ വിശ്വസിച്ചു. അവരുടെ ഇത്തരം മനോഭാവം നിമിത്തം ഏതു ബുദ്ധിമുട്ടേറിയ സാഹചര്യത്തിലും സന്തോഷത്തോടെയും സംതൃപ്തിയോടെയും കഴിയാൻ അവർക്ക് കഴിഞ്ഞു.

**ഡയറിക്കുറിപ്പുകൾ**

ശ്രീ. കുര്യന്റെ ഡയറിക്കുറിപ്പുകളിൽ ചിലത് താഴെ കൊടുക്കുന്നു. അദ്ദേഹം കടന്നുപോയ സാഹചര്യങ്ങളെക്കുറിച്ച് അതിൽനിന്ന് നമുക്ക് നേരിട്ട് മനസ്സിലാക്കാൻ കഴിയും.

*ഞങ്ങൾ ഭൗതികപ്രയാസങ്ങളിലൂടെ കടന്നുപോകുമ്പോൾ ദൈവം ഞങ്ങളെ ആത്മീയ നേട്ടങ്ങളെ തന്ന് തൃപ്തിപ്പെടുത്തി. ഞങ്ങൾ അനുഭവിച്ച ദാരിദ്ര്യത്തിന്റെ നടുവിലും നാഗ്പൂരിൽ ഒരു സൺഡേസ്കൂൾ ആരംഭിക്കാൻ ദൈവം ഞങ്ങൾക്ക് പ്രാപ്തി നൽകി.* (ഡിസംബർ 28, 1945)

*ഞങ്ങൾ കുടുംബമായി ഈ ദിവസം ഭക്ഷണമില്ലാതെ ചെലവഴിച്ചു. ഞാൻ അല്പം തളർന്നുപോയി. എന്നിട്ടും ഉള്ള ശക്തിയിൽ വൈകുന്നേരം ഞാൻ പ്രവർത്തനത്തിനു പോയി. പലരോടും ഞാൻ കർത്താവിനെ പ്രസംഗിച്ചു. സമൃദ്ധിയുടെ ദിനങ്ങളിൽ ഞങ്ങൾ ആസ്വദിച്ചിട്ടില്ലാത്ത ഒരു പ്രത്യേക തരം സന്തോഷം ഇന്ന് ഞങ്ങൾക്കുണ്ടായി. മാത്രമല്ല, കർത്താവിനെക്കുറിച്ച് കൂടുതൽ ഉച്ചത്തിൽ പ്രസംഗിക്കാൻ ഇന്ന് എനിക്ക് കൃപ ലഭിച്ചു.*

*കഴിഞ്ഞ മൂന്നു ദിവസങ്ങളിൽ കർത്താവ് ഞങ്ങൾക്ക് ലഘുവായ നിലയിൽ മാത്രമാണ് ഭക്ഷണം തന്നത്. ഞങ്ങൾ അത് സംതൃപ്തിയോടെ സ്വീകരിച്ച് ദൈവത്തെ സ്തുതിച്ചു. ഞാൻ ആത്മാവിൽ ശക്തിപ്പെട്ടതിനാൽ എനിക്ക് നന്നായി പ്രവർത്തിക്കാൻ കഴിഞ്ഞു.* (ജനുവരി 8, 1946)

*കർത്താവ് വീണ്ടും ഞങ്ങൾക്ക് ബുദ്ധിമുട്ടിന്റെ സാഹചര്യം നൽകി. ഇത് ഏകദേശം നാല് ദിവസം നീണ്ടു നിന്നു. ഞങ്ങൾക്ക് അല്പം പ്രയാസം തോന്നി. ഞാൻ ഇങ്ങനെ പ്രാർത്ഥിച്ചു: കർത്താവേ, കുറച്ചു ദിവസങ്ങളായി ഞങ്ങൾ കയ്പേറിയ അനുഭവങ്ങളിലൂടെ കടന്നുപോകുന്നു. ഞങ്ങൾ അപമാനിതരാകാതവണ്ണം അങ്ങയുടെ ദയ ഞങ്ങളുടെ മേൽ ചൊരിയേണമേ. അങ്ങ് പ്രവർത്തിക്കുന്ന സമയത്തിനായി കാത്തിരിക്കാൻ ഞങ്ങൾക്ക് കൃപ തരേണമേ.* (മാർച്ച് 19–21, 1946)

*ഇന്ന് പരീക്ഷയുടെ നാലാം ദിവസം. ശാരീരിക ബലഹീനത കഠിനമായിരിക്കുന്നു. രാവിലെ കുഞ്ഞിന് കഴിക്കാനുള്ള ബേബി ഫുഡ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. പക്ഷേ അതുപോലും പാകം ചെയ്യാൻ ആരാണുള്ളത്? (എല്ലാവരും ശാരീരിക ബലഹീനത നിമിത്തം അവശരായിരുന്നു). ഈ ചിന്ത ഞങ്ങളെ വല്ലാതെ*

*വിഷമിപ്പിച്ചു. ഒടുവിൽ അത് സ്വയം പാകം ചെയ്യാൻ ഞാൻ തീരുമാനിച്ചു. ഞങ്ങളുടെ കുട്ടിക്ക് ഇതിനുശേഷം എന്തു കൊടുക്കും എന്ന് ഞങ്ങൾക്കറിയില്ലായിരുന്നു. ഈ സാഹചര്യത്തിൽ ഞങ്ങൾ കഴിയവേ, ഉച്ചയായപ്പോൾ ഒരു മണിഓർഡർ ലഭിച്ചു. ദൈവം ഞങ്ങളെ മറന്നില്ല. അവിടുന്ന് ഞങ്ങളെ സഹായിച്ചു. ദൈവനാമം എന്നും മഹത്വപ്പെടുമാറാകട്ടെ. ഞങ്ങളെ സഹായിച്ച ആ സഹോദരനെ ദൈവം അനുഗ്രഹിക്കുകയും പ്രതിഫലം കൊടുക്കയും ചെയ്യട്ടെ.* (മാർച്ച് 22, 1946)

*മാർച്ച് 30-ന് വെള്ളം മാത്രം കുടിച്ച് ജീവിക്കേണ്ട അവസ്ഥയാണ് ഞങ്ങൾക്കുണ്ടായിരുന്നത്. ഇരിക്കുന്നതിനോ നിൽക്കുന്നതിനോ ഞങ്ങൾക്ക് കഴിയുമായിരുന്നില്ല. സന്ധ്യയായപ്പോൾ കുഞ്ഞുങ്ങൾക്കുള്ള ഭക്ഷണവും (ബേബി ഫുഡ്) തീർന്നു. ഞങ്ങളുടെ എല്ലാ ആകുലചിന്തയും കർത്താവിന്റെ മേൽ ഇട്ട് ഞങ്ങൾ ഉറങ്ങാൻ കിടന്നു. അടുത്ത ദിവസം (31-ാം തീയതി) ഞായറാഴ്ചയായിരുന്നു. രാവിലെ 8 മണിയായി. ഞങ്ങളുടെ രണ്ടു മക്കളും കരയാൻ തുടങ്ങി. അവർക്ക് ഭക്ഷണം കൊടുക്കാൻ ഞങ്ങൾക്ക് നിവൃത്തിയില്ലായിരുന്നു. അവരെ ആശ്വസിപ്പിക്കാനുള്ള ശാരീരിക ശക്തിപോലും ഞങ്ങൾക്കില്ലായിരുന്നു. ഈ സമയത്ത്, ഞങ്ങൾ ബൈബിൾക്ലാസ്സ് എടുക്കുന്ന ഒരു ഭവനത്തിലെ സഹോദരി ഞങ്ങളെ സന്ദർശിക്കുകയും പെട്ടെന്നു തിരിച്ചുപോവുകയും ചെയ്തു. ഞങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ കർത്താവ് പ്രസാദിച്ചത് അവളിലൂടെയാണ്. കർത്താവ് തന്റെ ധനത്തിനൊത്ത വണ്ണം അവൾക്ക് പ്രതിഫലം നൽകട്ടെ.*

### പ്രധാനപ്പെട്ട ഒരു തീരുമാനം

കടുത്ത ദാരിദ്ര്യത്തിന്റെ നടുവിലും കുര്യനും ഭാര്യയും ചേർന്ന് മഹത്തായ ഒരു തീരുമാനമെടുത്തു. അവർക്ക് കർത്താവിൽ നിന്നു ലഭിക്കുന്നതിന്റെ ഒരു പങ്ക് മധ്യപ്രദേശിലെ സുവിശേഷവേലയെ സഹായിക്കുന്നതിനായി വേർതിരിക്കും എന്നതായിരുന്നു ആ തീരുമാനം. പോഷകാഹാരക്കുറവുള്ളവരും രോഗികളുമായ കുഞ്ഞുങ്ങളെ പരിപാലിക്കാൻ പാടുപെടുന്നതിനിടയിലാണ് അവർ ഇങ്ങനെ ഒരു തീരുമാനമെടുത്തത്. പല ദിവസങ്ങളിലും ഒരു നേരം മാത്രമാണ് അവർ ഭക്ഷണം കഴിച്ചിരുന്നത്. നാഗ്പൂരിൽ സുവിശേഷവേലയോടുള്ള ബന്ധത്തിൽ ആയിരിക്കുമ്പോഴാണ് കുര്യൻ ഇത്തരം കടുത്ത പ്രതിസന്ധിയിലൂടെ കഴിഞ്ഞുപോയിരുന്നത്. പക്ഷേ ദൈവം അദ്ദേഹത്തെ ഉപേക്ഷിച്ചില്ല.

**(തുടരും)**

# റോമർ 16–ാം അദ്ധ്യായത്തിലെ ദൈവമക്കൾ

## 9

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

**13. ഹെരോദിയോൻ**

**14. നർക്കിസ്സൊസിന്റെ ഭവനക്കാർ**

*"എന്റെ ചാർച്ചക്കാരനായ ഹെരോദിയോന്നു വന്ദനം ചൊല്ലുവിൻ; നർക്കിസ്സൊസിന്റെ ഭവനക്കാരിൽ കർത്താവിൽ വിശ്വസിച്ചവർക്കു വന്ദനം ചൊല്ലുവിൻ" (റോമർ 16:11).*

'വന്ദനം ചൊല്ലുവിൻ' എന്നു പറഞ്ഞാൽ, 'വന്ദനം അറിയിക്കുവിൻ', 'ആശംസ അറിയിക്കുവിൻ', 'അഭിവാദനം അറിയിക്കുവിൻ' എന്നെല്ലാമാണ് അർത്ഥം. റോമിലെ വിശുദ്ധന്മാരിൽ പൗലൊസ് അടുത്തതായി വന്ദനം ചൊല്ലുന്നത് ഹെരോദിയോൻ എന്ന സഹോദരനാണ്.

**ഹെരോദിയോൻ**

പൗലൊസിന്റെ ചാർച്ചക്കാരൻ (ബന്ധു) ആണ് ഹെരോദിയോൻ എന്നാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. ഏഴാം വാക്യത്തിൽ നാം മറ്റു രണ്ടു ചാർച്ചക്കാരെക്കുറിച്ച് വായിച്ചുവല്ലോ. അന്ത്രൊനിക്കൊസ്, യൂനിയാവ് എന്നിവരായിരുന്നു ആ രണ്ടു പേർ. അവരുടെ പേര് പറഞ്ഞപ്പോൾ ആ കൂട്ടത്തിൽ ഹെരോദിയോന്റെ പേര് പറഞ്ഞില്ല. കാരണം ആ രണ്ടു പേർ ചാർച്ചക്കാർ മാത്രമായിരുന്നില്ല, സഹബദ്ധന്മാരും, കർത്താവിൽ മുമ്പെ വിശ്വസിച്ചവരും കൂടി ആയിരുന്നു. എന്നാൽ ഹെരോദിയോൻ പൗലൊസിന്റെ ചാർച്ചക്കാരൻ ആണെങ്കിലും, മേൽപ്പറഞ്ഞ രണ്ടുപേരെ പോലെ പൗലൊസിന്റെ ഒപ്പം തടവിൽ കിടന്നവനോ, പൗലൊസിനു മുമ്പെ കർത്താവിൽ വിശ്വസിച്ചവനോ അല്ല.

ദൈവം പക്ഷഭേദം കാണിക്കുന്നില്ല. പൗലൊസിന്റെ ചാർച്ചക്കാരിൽ വ്യാപരിച്ച ദൈവകൃപ പലർക്കും പലവിധത്തിലായിരുന്നു ലഭിച്ചത്. ഏഴാം വാക്യത്തിൽ കാണുന്ന ചാർച്ചക്കാരെ കർത്താവ് വിളിച്ചപ്പോൾ ഹെരോദിയോനെ വിളിച്ചില്ല. അതു പിന്നീടാണ് സംഭവിച്ചത്. ആദ്യം വിളിച്ച കൂട്ടത്തിൽ എന്നെ തഴഞ്ഞതുകൊണ്ട് ഈ വാത്സല്യം എനിക്കു വേണ്ട എന്നു

ഹെരോദിയോൻ പറഞ്ഞില്ല. ദൈവകൃപയുടെ മാഹാത്മ്യം രുചിച്ചറിയാൻ ലഭിച്ച അവസരം ഓരോരോ മുടന്തൻ ന്യായങ്ങൾ പറഞ്ഞ് സ്വയം മുടക്കിക്കളയാൻ മാത്രം ഭോഷനായിരുന്നില്ല അവൻ.

ദൈവമക്കളുടെ സ്ഥാനം പലപ്പോഴും വ്യത്യസ്തമാണ്. വ്യത്യസ്ത ശുശ്രൂഷകൾ, വ്യത്യസ്ത സാഹചര്യങ്ങൾ, വ്യത്യസ്ത സാമ്പത്തികനിലവാരങ്ങൾ.... പലരും പല തട്ടുകളിൽ സ്ഥിതി ചെയ്യുന്നു. എല്ലാവരും പൗലൊസിന്റെ ചാർച്ചക്കാരല്ല. ചാർച്ചക്കാരിൽ തന്നെ എല്ലാവരും സഹബദ്ധന്മാരുമല്ല. നേരത്തെ വന്നവർ, വൈകി വന്നവർ, പ്രസംഗവീരന്മാർ, പ്രാർത്ഥനാവീരന്മാർ എന്നിങ്ങനെ വൈവിധ്യം കൊണ്ട് മനോഹരമാണ് ക്രൈസ്തവഗോളം. പലരും പല ജോലി ചെയ്യുന്നു. എല്ലാവരും എല്ലാ നിലയിലും തുല്യരല്ല. മുതിർന്നവരുണ്ട്, യൗവനക്കാരുണ്ട്, കുഞ്ഞുങ്ങളുണ്ട്, സ്ത്രീകളുണ്ട്, പുരുഷന്മാരുണ്ട്...

പ്രിയ വിശ്വാസി, ഈ വൈവിധ്യങ്ങളുടെ ഇടയിൽ എവിടെയാണ് താങ്കളുടെ സ്ഥാനം? ആ സ്ഥാനത്തിൽ താങ്കൾ തൃപ്തനാണോ? പ്രസംഗിക്കാൻ അവസരം കിട്ടാത്തതിലോ, മറ്റു ശുശ്രൂഷകൾക്ക് അവസരം ലഭിക്കാത്തതിലോ ഒരിക്കലും നിരാശപ്പെടേണ്ടതില്ല. ആ ശുശ്രൂഷ താങ്കൾക്ക് തരാൻ ദൈവം തീരുമാനിച്ചിട്ടുണ്ടെങ്കിൽ അതു തന്നിരിക്കും. തടയുവാൻ ശ്രമിക്കുന്നവരുടെ കൈ തട്ടിമാറ്റി അതു താങ്കൾക്ക് തരും. അതുവരെ കാത്തിരിക്കുക. ദീർഘക്ഷമയുള്ള ദൈവത്തെ നാം ദീർഘക്ഷമയോടെ സേവിക്കണം. ഇവിടെ പറയുന്ന ഹെരോദിയോൻ, ദൈവം അദ്ദേഹത്തെ വിളിക്കാൻ വൈകിയതിലോ, മറ്റു ചാർച്ചക്കാർക്കു കൊടുത്തതുപോലെയുള്ള ശുശ്രൂഷകൾ കൊടുക്കാഞ്ഞതിലോ പരാതിയുള്ളവൻ ആയിരുന്നില്ല.

**നർക്കിസ്സൊസിന്റെ ഭവനക്കാർ**

തൊട്ടു മുമ്പിലത്തെ വാക്യത്തിൽ അരിസ്തൊബൂലൊസിന്റെ ഭവനക്കാരെക്കുറിച്ച് നാം വായിച്ചിരുന്നു. ഈ വാക്യത്തിൽ നർക്കിസ്സൊസിന്റെ ഭവനക്കാർക്കാണ് വന്ദനം അറിയിച്ചിരിക്കുന്നത്. നർക്കിസൊസ് (ഇംഗ്ലീഷിൽ, നാർസിസ്സസ്) എന്ന പേരിൽനിന്നും ആ സഹോദരന്റെ പശ്ചാത്തലം നമുക്ക് മനസ്സിലാക്കാവുന്നതാണ്. ഉദാഹരണമായി ഒരു സഹോദരന്റെ പേര് കൃഷ്ണൻകുട്ടി എന്നാണെങ്കിൽ, മറ്റൊരു സഹോദരന്റെ പേര് ഉസ്മാൻ എന്നാണെങ്കിൽ അവരുടെ പശ്ചാത്തലവിശേഷങ്ങൾ ആ പേരുകളിൽ നിന്നു തന്നെ വ്യക്തമാണ്. ക്രിസ്ത്യാനിയായിത്തീരുവാൻ അവർ എന്തു മാത്രം വില കൊടുത്തു എന്നും കൂടി നമുക്കു അതിൽനിന്നും മനസ്സിലാക്കാം.

ഗ്രീക്ക് പുരാണത്തിലെ (Greek Mythology) ഒരു കഥാപാത്രമാണ് നർക്കിസൊസ്. അദ്ദേഹം അതിസുന്ദരനായ യുവാവായിരുന്നു. അനേകം

തരുണീമണികൾ അദ്ദേഹത്തിന്റെ പ്രേമം പിടിച്ചുപറ്റാൻ നോക്കിയെങ്കിലും സാധിച്ചില്ല. യാതൊരു സുന്ദരിയുടെയും സൗന്ദര്യം അവന്റെ മനസ്സിനെ കീഴ ടിക്കിയില്ല. പക്ഷേ ഒരു ദിവസം അദ്ദേഹം ഒരു നീരുറവയിൽ സ്വന്തം പ്രതി ബിംബം കാണുകയും, ആ പ്രതിബിംബത്തിന്റെ സൗന്ദര്യം നിമിത്തം പ്രണയപരവശനാവുകയും ചെയ്തുവത്രേ! തന്റെ പ്രതിബിംബത്തിലേക്ക് നോക്കി അന്തം വിട്ട് അങ്ങനെ നർക്കിസൊസ് നിന്നുപോയത്രേ!

സ്വന്തം പ്രതിബിംബത്തിന്റെ സൗന്ദര്യത്താൽ പ്രണയപരവശനായി നിന്നുപോയ ആ യുവാവ്, ദിവസങ്ങൾ കടന്നു പോകുന്നത് അറിഞ്ഞില്ല. ജലപാനം പോലും മറന്നുകൊണ്ടുള്ള ആ നില്പു നിമിത്തം ശോഷിച്ച് ശോഷിച്ച് ആരോഗ്യം നഷ്ടപ്പെട്ട് ആ യുവാവ് അവിടെ മരിച്ചുവീണു! ആ സ്ഥലത്ത് അവന്റെ പേരിലുള്ള പൂക്കൾ (നാർസിസസ് അഥവാ ഡാഫഡിൽ പുഷ്പങ്ങൾ) വ്യാപിച്ചുവത്രേ!

നർക്കിസൊസ് എന്ന സഹോദരന്റെ പശ്ചാത്തലം വ്യക്തമാക്കുന്നതി നാണ് ഈ വിഡ്ഢിക്കഥ ഇവിടെ കുറിച്ചത്. ജാതികളുടെ കൂട്ടത്തിൽ നിന്നും വിശ്വാസത്തിലേക്ക് വന്നവനാണ് നർക്കിസൊസ്. ഗ്രീക്ക് പുരാണത്തിലെ സുന്ദരനായ ഒരു കഥാപാത്രത്തിന്റെ പേര് തങ്ങളുടെ മകന് ഇട്ടുകൊടുത്ത മാതാപിതാക്കൾ ഏതു നിലവാരത്തിലുള്ളവരായിരുന്നു എന്നു മനസ്സിലാ ക്കാൻ ബുദ്ധിമുട്ടില്ല. അന്ധവിശ്വാസങ്ങളുടെ ഈറ്റില്ലമായ ഒരു കുടുംബ മായിരുന്നു അത്. അങ്ങനെയുള്ള കുടുംബത്തിലേക്ക് ദൈവകൃപയുടെ മഹാ നദി ഒഴുകിയെത്തി. നർക്കിസൊസിന്റെ ഭവനക്കാരിൽ കർത്താവിൽ വിശ്വ സിക്കാൻ കുറെ പേരുണ്ടായി!

പക്ഷേ ആ ഭവനക്കാരിൽ കുറച്ചു ആളുകളെ തുടർന്നും അന്ധവിശ്വാ സങ്ങളുടെ താഴിട്ടു പൂട്ടുന്നതിൽ പിശാച് വിജയിച്ചു. ഭവനക്കാരിൽ ചിലർ മാത്രം വിശ്വാസികളായാൽ, അവിടെ ഭിന്നതകളും മാനസികപ്രയാസങ്ങളും സ്വാഭാവികമായും ഉണ്ടാകും. വിശ്വസിച്ചവർ അതിനെയെല്ലാം അതിജീവിച്ച് കർത്താവിൽ നിലനിന്നു. അവർക്ക് വന്ദനം അറിയിക്കുകയാണ് പൗലൊ സ്. കർത്താവിൽ വിശ്വസിച്ചവർക്കു മാത്രമേ പൗലൊസ് വന്ദനം അറിയി ക്കുന്നുള്ളൂ. അല്ലാത്തവർക്ക് വന്ദനമല്ലല്ലോ, സുവിശേഷമാണല്ലോ ആവശ്യം.

**(തുടരും)**

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറി യിക്കാം. WhatsApp ൽ വോയ്സ്മെസേജ് ആയും അറിയി ക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

# ഹബക്കൂക്

## (പുസ്തകപഠനം)

14

**-എംവിഎസ്-**

**ഹബക്കൂക് 2:5**

*വീഞ്ഞ് വിശ്വാസപാതകനാകുന്നു. അഹമ്മതിയുള്ള പുരുഷൻ നില നിൽക്കയില്ല. അവൻ പാതാളംപോലെ വിസ്താരമായി വായ് പിളർക്കുന്നു. മരണം പോലെ തൃപ്തിപ്പെടാതെയുമിരിക്കുന്നു. അവൻ സകല ജാതികളെയും തന്റെ അടുക്കൽ കൂട്ടി, സകല വംശങ്ങളെയും തന്റെ അടുക്കൽ ചേർക്കുന്നു.*

**വീഞ്ഞ് വിശ്വാസപാതകനാകുന്നു**

വിശ്വാസപാതകൻ = വിശ്വസിച്ചവനെ ചതിക്കുന്നവൻ *(ശബ്ദതാരാവലി)*

വീഞ്ഞിനെ വിശ്വസിക്കാൻ കൊള്ളില്ല. വീഞ്ഞ് ചതിക്കും.

വീഞ്ഞിന്റെ രണ്ടു തരത്തിലുള്ള ഉപയോഗം ബൈബിളിൽ കാണുന്നുണ്ട്. ഒന്ന് നല്ല രീതിയിലുള്ള ഉപയോഗമാണ്; അടുത്തത് തെറ്റായ രീതിയിലുള്ള ഉപയോഗവും. ആദ്യത്തേത് പാനീയമെന്ന നിലയിലുള്ള ഉപയോഗവും രണ്ടാമത്തേത് മദ്യമെന്ന നിലയിലുള്ള ഉപയോഗവുമാണ്.

ബൈബിളിലെ വാക്യങ്ങൾ വായിക്കുമ്പോൾ അവിടെ പറഞ്ഞിരിക്കുന്ന വീഞ്ഞ് പാനീയമാണോ മദ്യമാണോ എന്നു മനസ്സിലാക്കാൻ കഴിയും. ഉദാഹരണമായി, നോഹ വീഞ്ഞ് കുടിച്ച് ലഹരി പിടിച്ച് വസ്ത്രം നീങ്ങി കിടന്നു എന്നു വായിക്കുമ്പോൾ (ഉല്പത്തി 9:21), അവിടെ വീഞ്ഞ് മദ്യമെന്ന നിലയിൽ ഉപയോഗിച്ചതായി നമുക്കു മനസ്സിലാക്കാമല്ലോ. ദൈവം ഭൂമിയിൽ നിന്ന് മനുഷ്യന്റെ ഹൃദയത്തെ സന്തോഷിപ്പിക്കുന്ന വീഞ്ഞ് ഉദ്ഭവിപ്പിക്കുന്നു എന്നു നാം വായിക്കുമ്പോൾ (സങ്കീ.104:15), അവിടെ വീഞ്ഞിന്റെ നല്ല രീതിയിലുള്ള ഉപയോഗത്തെയാണ് ഉദ്ദേശിച്ചിരിക്കുന്നത് എന്നും വ്യക്തമാകുന്നു.

ഹബക്കൂക് 2:5 ലെ വീഞ്ഞ് മദ്യമാണ്. കാരണം വീഞ്ഞ് വിശ്വാസപാതകനാണ് എന്നാണ് അവിടെ നാം വായിക്കുന്നത്. വീഞ്ഞിനെ വിശ്വസിക്കാൻ കൊള്ളില്ല. വീഞ്ഞ് ചതിക്കും. “ഞാൻ എത്ര കഴിച്ചാലും ഞാൻ നോർമൽ തന്നെ ആയിരിക്കും” എന്ന് വീമ്പിളക്കുന്ന കുടിയന്മാരുണ്ട്. പക്ഷേ വീഞ്ഞ് (മദ്യം) ചതിക്കുക തന്നെ ചെയ്യും. ഇത് വചനം തരുന്ന മുന്നറിയിപ്പാണ്.

കൽദയരെക്കുറിച്ചാണല്ലോ ഹബക്കൂക് ഈ വാചകങ്ങൾ പറയുന്നത്. കൽദയർ വീഞ്ഞിന്റെ അടിമകളായിരുന്നു. അവർ കുടിക്കുന്ന വീഞ്ഞ് കുടിച്ചുകൊണ്ട് തന്നെത്താൻ അശുദ്ധനാക്കുകയില്ല എന്നു ദാനിയേൽ തീരുമാനമെടുത്ത കാര്യം ദാനിയേൽ 1:8 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

നെബൂഖദ്നേസെരിന്റെ മകൻ ബേൽശസ്സർരാജാവിനും വീഞ്ഞ് ഒരു ബലഹീനതയായിരുന്നു (ദാനിയേൽ 5:22–23). ബേൽശസ്സർ കൊല്ലപ്പെടുകയും മേദ്യനായ ദാര്യാവേശ് അധികാരത്തിലെത്തുകയും ചെയ്തു (ദാനിയേൽ 5:31). അതായത്, വീഞ്ഞ് അപ്പനായ നെബൂഖദ്നേസെരിനെയും മകനായ ബേൽശസ്സരിനെയും ഒരുപോലെ ചതിച്ചു.

ഇന്നും നിരവധി അപ്പന്മാരെയും മക്കളെയും വീഞ്ഞ് (മദ്യം) ചതിച്ചുകൊണ്ടിരിക്കുന്നു. മദ്യപാനത്തിന്റെ ദൂഷ്യവശങ്ങൾ അപ്പന്റെ മദ്യപാനസ്വഭാവത്തിൽനിന്ന് മനസ്സിലായിട്ടും ആ അപ്പന്റെ മക്കൾ പിന്നീട് അപ്പനെപ്പോലെ മദ്യപാനികളായിത്തീരുന്നത് അതിശയം തന്നെ! എന്നാൽ പാഠം പഠിച്ച് ബുദ്ധിയോടെ പെരുമാറിയ മക്കളുമുണ്ട്. അതിൽ ഒരാളാണ് ഞാൻ. അതുകൊണ്ട് പണനഷ്ടമോ മാനനഷ്ടമോ ഇല്ലാതെ കുടുംബമായി സന്തോഷത്തോടെ ജീവിക്കാൻ കഴിയുന്നു.

**അഹമ്മതിയുള്ള പുരുഷൻ നിലനിൽക്കയില്ല**

അഹങ്കാരമുള്ള പുരുഷൻ നിലനിൽക്കയില്ല. വീഞ്ഞും അഹങ്കാരവും തമ്മിൽ ബന്ധമുണ്ട്. വീഞ്ഞ് അകത്തു ചെന്നാൽ അഹങ്കാരം ഉയർന്നുവരും. കുടിയന്മാരുടെ വീരവാദങ്ങൾ നാം എത്ര കേട്ടിരിക്കുന്നു! കൽദയരാജാവായ നെബൂഖദ്നേസെറും (ദാനിയേൽ 5:20), മകനായ ബേൽശസ്സറും (ദാനിയേൽ 5:22–23) അഹങ്കാരം നിമിത്തം തകർന്നുപോയ കാര്യം നമുക്കറിയാമല്ലോ. കൽദയരെ തകർത്തത് വീഞ്ഞും (മദ്യവും) അഹങ്കാരവുമാണ്.

ദൈവജനമായ യിസ്രായേലിനെ അടിമകളാക്കി കൽദയർ കൊണ്ടുപോകും എന്ന വാർത്ത ദൈവത്തിൽനിന്ന് കേട്ടപ്പോൾ മനസ്സ് തകർന്നുപോയ ഹബക്കൂകിനെ ആശ്വസിപ്പിക്കാൻ കൂടിയാണ് അഹമ്മതിയുള്ള കൽദയർ നിലനിൽക്കയില്ല എന്നു ദൈവം അരുളിച്ചെയ്തത്.

**പാതാളം പോലെ... മരണം പോലെ...**

പാതാളവും മരണവും എത്ര ആളുകളെ ലഭിച്ചാലും തൃപ്തി വരാത്തവയാണത്രേ. ഒരിക്കലും തൃപ്തി വരാത്തത് മൂന്നുണ്ട്. അതിലൊന്നാണ് പാതാളം (സദൃശവാക്യങ്ങൾ 30:15). അതുകൊണ്ട് പിശാച് കഠിനാദ്ധ്വാനം ചെയ്യുകയാണ്. മദ്യവും അഹങ്കാരവും മറ്റു തിന്മകളും ഒക്കെയായി അവൻ കളം നിറഞ്ഞ് കളിക്കുന്നു.

ആത്മഹത്യയിലൂടെയും കൊലപാതകങ്ങളിലൂടെയും പിശാച് നിരവധി പേരെ ഈ ഭൂമിയിൽനിന്നും മാറ്റി. എന്നിട്ടും തൃപ്തി വരാതെ 'മരണം' പിന്നെയും ആളുകളെ ആവശ്യപ്പെടുന്നു. 2021 ൽ കേരളത്തിൽ 1,64,033 (ഒരു ലക്ഷത്തി അറുപത്തിനാലായിരത്തി മുപ്പത്തിമൂന്ന്) പേർ ആത്മഹത്യ ചെയ്തു. റോഡപകടങ്ങളിലൂടെ 3429 പേരുടെയും കൊലപാതകങ്ങളിലൂടെ 337 പേരുടെയും ജീവൻ 2021 ൽ നഷ്ടപ്പെട്ടു. പക്ഷേ ആത്മഹത്യകളുടെ എണ്ണം നോക്കുക! 1,64,033! ഇന്ത്യയിൽ സിക്കിം, ചത്തീസ്ഗഡ് എന്നീ രണ്ടു സംസ്ഥാനങ്ങൾക്കു പിന്നിൽ ആത്മഹത്യയുടെ കാര്യത്തിൽ മൂന്നാം സ്ഥാനത്താണ് നമ്മുടെ ഈ കൊച്ചു-സാക്ഷര-പ്രബുദ്ധ കേരളം!

എന്നിട്ടും തൃപ്തി വരാതെ പാതാളവും മരണവും പിന്നെയും ആളുകളെ തേടി നടക്കുന്നു.

**കൽദയരുടെ വീഴ്ചയ്ക്കുള്ള മൂന്നു കാരണങ്ങൾ**

യിസ്രായേൽജനത്തെ കൽദയർ അടിമകളാക്കും എന്നു ദൈവം ഹബക്കൂകിന് മുന്നറിയിപ്പ് കൊടുത്തു. അതോർത്ത് വിഷമിച്ച ഹബക്കൂകിനോട്, ആ കൽദയരെയും ദൈവം ന്യായം വിധിക്കും എന്നു പറയുകയാണ്. ഈ പ്രവചനം രേഖപ്പെടുത്തുമ്പോൾ യിസ്രായേൽമക്കൾ അടികളാക്കപ്പെട്ടിട്ടില്ല എന്ന കാര്യം നാം പ്രത്യേകം ഓർക്കണം. എല്ലാം ദൈവം മുമ്പുകൂട്ടി അറിയിക്കുന്നത് എത്ര മനോഹരമായിരിക്കുന്നു! നമ്മുടെ ദൈവം സർവ്വശക്തനും സർവജ്ഞാനിയും ആയതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.

കൽദയരുടെ വീഴ്ചയ്ക്ക് മൂന്നു കാരണങ്ങളാണ് ഈ വാക്യത്തിൽ നാം കാണുന്നത്.

1) മദ്യം (വീഞ്ഞ്)
2) അഹങ്കാരം
3) സംതൃപ്തിയില്ലായ്മ

വർഷങ്ങൾക്കുശേഷം കൽദയർ മേൽപ്പറഞ്ഞ മൂന്നു കാരണങ്ങളാൽ തകർന്നടിഞ്ഞുപോയി. ഈ മൂന്നു കാരണങ്ങളാൽ ഇന്നും അനേകർ നശിച്ചുപോകുന്നുണ്ടല്ലോ. പല ദൈവമക്കൾ പോലും ഈ മൂന്നു കാരണങ്ങളാൽ നശിച്ചുപോകുന്നു. ദൈവജനത്തിന് കൽദയരുടെ അവസ്ഥയോ! പ്രാർത്ഥിക്കുമ്പോഴും പ്രസംഗിക്കുമ്പോഴും സഭായോഗത്തിന് വരുമ്പോഴും നാം ദൈവജനത്തെപ്പോലെ പെരുമാറുകയും അല്ലാത്തപ്പോഴെല്ലാം കല്ദയരെപ്പോലെ പെരുമാറുകയും ചെയ്യുന്ന അധഃപതിച്ച കൂട്ടമായെന്നോ ഇന്നത്തെ ദൈവജനം!

**(തുടരും)**

# കൊച്ചുണ്ണിയുടെ ബൈബിൾവായന

**എംവിഎസ്**

*(2016 സെപ്റ്റംബർ മാസത്തിൽ പ്രസിദ്ധീകരിച്ചതാണിത്.
വായനക്കാർക്ക് വേണ്ടി ഈ ലക്കത്തിൽ വീണ്ടും പ്രസിദ്ധീകരിക്കുന്നു)*

## 'കുറുക്കൻ'

"എന്നാലും അതു ശരിയായില്ല, മൂപ്പാ", കൊച്ചുണ്ണി തന്റെ അനിഷ്ടം മറച്ചുവെച്ചില്ല.

ഹെരോദാവ് യേശുവിനെ കൊല്ലാൻ നോക്കുന്നു എന്ന വിവരം തന്നോടു വന്നു പറഞ്ഞ പരീശന്മാരോട് യേശു പറഞ്ഞ ഡയലോഗ് കൊച്ചുണ്ണിക്കു ദഹിച്ചിട്ടില്ല. അതാണു കാര്യം.

"നിങ്ങൾ പോയി ആ കുറുക്കനോടു: ഞാൻ ഇന്നും നാളെയും ഭൂതങ്ങളെ പുറത്താക്കുകയും രോഗശാന്തി വരുത്തുകയും മൂന്നാം നാളിൽ സമാപിക്കുകയും ചെയ്യും" എന്നു പറഞ്ഞതാണ് കൊച്ചുണ്ണിക്ക് ഇഷ്ടപ്പെടാതെ പോയത്.

യേശു ഹെരോദാവിനെ 'കുറുക്കൻ' എന്നു വിളിച്ചത് കൊച്ചുണ്ണിക്ക് ഇഷ്ടപ്പെട്ടില്ല.

"ഹെരോദാവിനെ കുറുക്കൻ എന്നു വിളിച്ചതിന് നീ എന്തിനാ കൊച്ചുണ്ണ്യേ കെറുവിക്കുന്നത്? ഹെരോദാവ് നിന്റെ അമ്മായീടെ മോനൊന്നുമല്ലല്ലോ?" ചോദിച്ചത് നമ്മുടെ ഇട്ടിയപ്പച്ചൻ ആണ്.

"ഇട്ടിയപ്പച്ചാ, ഹെരോദാവിനെ കുറുക്കൻ എന്നോ കുരങ്ങൻ എന്നോ വിളിച്ചോട്ടെ. എനിക്കതിലല്ല വേദന തോന്നിയത്. കർത്താവ് ഇങ്ങനെ വിളിച്ചൂലോ എന്നോർക്കുമ്പോഴാണ് എനിക്കു വിഷമം തോന്നുന്നത്. കർത്താവിനെപ്പോലെയുള്ള ഒരാൾ മറ്റൊരാളെ കുറുക്കൻ എന്നൊക്കെ വിളിക്കുക എന്നുവെച്ചാൽ..." കൊച്ചുണ്ണി മുഖം ചുളിച്ചു.

"കർത്താവിന് നിന്റെ അത്രേം വിവരം ഉണ്ടാവില്ല, കൊച്ചുണ്ണ്യേ" ഇട്ടിയപ്പച്ചന്റെ മുന വച്ചുള്ള വാക്കുകൾ; കൊച്ചുണ്ണിക്കത് ഒട്ടും രസിച്ചില്ല. ഇട്ടിയപ്പച്ചനെ ഒന്നു രൂക്ഷമായി നോക്കിയതിനുശേഷം, കൊച്ചുണ്ണി മൂപ്പന്റെ നേരെ തിരിഞ്ഞു:

"മൂപ്പൻ പറ, എന്താ കർത്താവ് ഹെരോദാവിനെ ഇങ്ങനെ മര്യാദയില്ലാതെ കുറുക്കൻ എന്നു വിളിച്ചത്?"

"കൊച്ചുണ്ണ്യേ, അതിന്റെ ഉത്തരം വളരെ ലളിതമാണ്." മൂപ്പൻ വിശദീകരിക്കാൻ തുടങ്ങി. "ആദ്യമേ നാം മനസ്സിലാക്കേണ്ടത്, കർത്താവ് ദേഷ്യത്തോടെ പറഞ്ഞതല്ല ആ വാചകം;

പിന്നെയോ വളരെ ശാന്തമായി പറഞ്ഞതാണ്''

"കർത്താവിനെ മുന്തിരിവള്ളി എന്നാണ് കർത്താവ് തന്നെ വിശേഷിപ്പിച്ചിരിക്കുന്നത്. യോഹന്നാൻ 15:1 ൽ നാം അതു വായിക്കുന്നുണ്ട്. അപ്പോൾ കർത്താവ് മുന്തിരിവള്ളിയാണ്. ആ മുന്തിരിവള്ളിയെ നശിപ്പിക്കാനാണ് ഹെരോദാവ് നോക്കിയത്. അപ്പോഴാണ് കർത്താവ് അവനെ കുറുക്കൻ എന്നു വിശേഷിപ്പിച്ചത്..."

മൂപ്പൻ തുടർന്നു. "മുന്തിരിവള്ളി നശിപ്പിക്കുന്ന കുറുക്കന്മാർ എന്നു ഉത്തമഗീതം 2:15 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. കർത്താവ് മുന്തിരിവള്ളിയായതുകൊണ്ട്, കർത്താവിനെ കൊല്ലാൻ നോക്കിയ ഹെരോദാവിനെ കുറുക്കൻ എന്നു വിശേഷിപ്പിക്കുന്നതിൽ എന്താണു തെറ്റ്?''

കൊച്ചുണ്ണി മിണ്ടാതെ നിന്നു. ഇട്ടിയപ്പച്ചൻ കിട്ടിയ അവസരം പാഴാക്കിയില്ല: "കൊച്ചുണ്ണ്യേ, നിനക്ക് കാര്യം മനസ്സിലായില്ലേ? കർത്താവ് മുന്തിരിവള്ളിയായതുകൊണ്ടാണ് ഹെരോദാവിനെ കുറുക്കൻ എന്നു വിശേഷിപ്പിച്ചത്. കർത്താവ് കപ്പയായിരുന്നുവെങ്കിൽ, ഹെരോദാവിനെ പെരുച്ചാഴി എന്നു വിളിച്ചേനേ. കർത്താവ് പെൻഗ്വിൻ ആയിരുന്നുവെങ്കിൽ..."

ഇട്ടിയപ്പച്ചനത് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അതിനു മുമ്പ് "അയ്യോ എനിക്കു മനസ്സിലായേ" എന്നു പറഞ്ഞു കൊച്ചുണ്ണി രണ്ടു ചെവിയും പൊത്തിപ്പിടിച്ച് സ്ഥലം വിട്ടു.

## റിയൽ ലൈഫ് വോയ്സ്: ലക്ഷ്യവും നയവും

**ലക്ഷ്യം :** സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായ പ്രകടനവും വചനപഠനവും.

**നയം :** ഞങ്ങൾക്ക് ശരിയെന്നു തോന്നുന്നത് ഞങ്ങൾ എഴുതുന്നു. വായനക്കാർക്ക് അവ പരിശോധിച്ച്, യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാം. ഞങ്ങൾക്ക് വായനക്കാരുമായുള്ള സ്നേഹബന്ധവും അടുപ്പവും മാസികയിലെ ലേഖനങ്ങളിലെ ആശയങ്ങളുമായി കൂട്ടിക്കുഴയ്ക്കരുത്. സ്നേഹബന്ധം വേറെ; ലേഖനങ്ങളിലെ ആശയങ്ങൾ വേറെ! ലേഖനങ്ങളിലെ ആശയങ്ങളോട് നിങ്ങൾക്ക് വിയോജിപ്പുണ്ടെങ്കിൽ പോലും, സ്നേഹബന്ധം നിലനിൽക്കണം. അതാണ് ഞങ്ങളുടെ ആഗ്രഹം.

**(എഡിറ്റർ)**

# ഓരോരോ ജന്മങ്ങള്!

-എംവിഎസ്-

11

## കള്ള് കുടിക്കുന്ന വീഡിയോ വരുത്തിയ വിന!

> കള്ള്ഷാപ്പിലിരുന്ന് കള്ള് കുടിക്കുന്നതിന്റെ വീഡിയോ ഇൻസ്റ്റഗ്രാമിൽ പങ്ക്വച്ച യുവതിയെ എക്സൈസ് അറസ്റ്റ് ചെയ്തു ജാമ്യത്തിൽ വിട്ടയച്ചു. മദ്യപാനം പ്രോത്സാഹിപ്പിക്കൽ, മദ്യഉപയോഗത്തിന്റെ ദൃശ്യങ്ങൾ പ്രചരിപ്പിക്കൽ എന്നിവ തടയാൻ അബ്കാരി നിയമത്തിലെ 55(എച്ച്) വകുപ്പ് ചുമത്തിയാണ് അറസ്റ്റ്. *(2023 മാർച്ച് 24 ലെ പത്ര വാർത്ത)*

കുടിയന്മാരേ, കുടിച്ചികളേ മനസ്സിലായില്ലേ? നിങ്ങൾക്ക് വയറുനിറയെ, അല്ലെങ്കിൽ മൂക്കുമുട്ടെ കുടിക്കാം. വീഡിയോ എടുക്കാം. പക്ഷേ അത് പ്രചരിപ്പിക്കരുത്. കാരണം അത് പ്രചരിപ്പിച്ചാൽ മറ്റുള്ളവർക്ക് മദ്യപിക്കാൻ പ്രേരണയുണ്ടാകും. എക്സൈസിന്റെ പിടി വീഴും.

പാവം കുടിച്ചിയായ യുവതി! ലിംഗസമത്വം എന്ന ആശയം പ്രചരിപ്പിക്കാനായിരുന്നു ആ പാവം ഇങ്ങനെയൊക്കെ ചെയ്തത് എന്നു വിശ്വസിക്കാനാണ് എന്നെപ്പോലുള്ള ഗുണൈകദൃക്കുകൾക്ക് താത്പര്യം. അതായത്, പുരുഷന്മാർക്കു മാത്രമല്ല സ്ത്രീകൾക്കും കള്ള്ഷാപ്പിലിരുന്ന് കുടിക്കാം, അങ്ങനെ ലിംഗസമത്വം കള്ള്ഷാപ്പിലും ആകാം എന്ന നല്ല ആശയം പ്രചരിപ്പിച്ച ആ യുവതിയെ നാം നന്നായി അപ്രീ... അപ്രീഷി... അപ്രഷി... (ഓ! വേണ്ട. മലയാളം തന്നെയാകാം.) ആ യുവതിയെ നാം നന്നായി അഭിനന്ദിക്കയല്ലേ വേണ്ടത്?

കള്ള്ഷാപ്പിൽ ഒരു യുവതി കയറിയതും കള്ള് വാങ്ങിക്കുടിച്ചതും വീഡിയോ എടുത്തതും എക്സൈസ് ഉദ്യോഗസ്ഥർ പൊറുക്കും. പക്ഷേ അത് പ്രചരിപ്പിച്ചത് ഭയങ്കര തെറ്റായിപ്പോയി. കാരണം മറ്റുള്ളവരെ കുടിക്കാൻ പ്രോത്സാഹിപ്പിക്കുന്ന ഒരു അധമപ്രവൃത്തിയായിപ്പോയി അത്. അല്ല, എക്സൈസ് സാറന്മാരേ, കള്ള്ഷാപ്പിന്റെ ബോർഡ് കാണുമ്പോൾ ആളുകൾക്ക് കുടിക്കാൻ പ്രേരണയുണ്ടാകില്ലേ? കള്ള് ഷാപ്പ് കാണുമ്പോഴോ? അതുകൊണ്ട് കള്ള്ഷാപ്പ് നടത്തുന്ന സകലരെയും അറസ്റ്റ് ചെയ്യണമെന്നാണ് അബ്കാരിനിയമം 55 (എച്ച്) ന്റെ അടിസ്ഥാനത്തിൽ എനിക്ക് പറയാനുള്ളത്.

നമ്മുടെ സർക്കാരിന്റെ പ്രധാന വരുമാനങ്ങളിലൊന്ന് മദ്യവില്പനയായതുകൊണ്ട് ആ നികുതിവരുമാനം വർദ്ധിപ്പിക്കാൻ ആ യുവതി നടത്തിയ ഒരു ശ്രമമായിക്കൂടെ അത്? അപ്പോൾ ലിംഗസമത്വം മാത്രമായിരുന്നില്ല ആ യുവതിയുടെ ലക്ഷ്യം എന്നു വരുന്നു. സമൂഹത്തിന് ഇത്രയും നല്ല രണ്ട് ആശയങ്ങൾ പകർന്ന ആ പാവത്തിനെ അറസ്റ്റ് ചെയ്ത് അപമാനിക്കാൻ പാടില്ലായിരുന്നു, കേട്ടോ.

മദ്യം വിൽക്കാം, പക്ഷേ ആരോഗ്യത്തിന് ഹാനികരം എന്നെഴുതിയ ബോർഡ് വയ്ക്കണം. മദ്യം കുടിക്കാം, പക്ഷേ വീഡിയോ എടുത്ത് പ്രചരിപ്പിക്കരുത്. ഞാൻ ചോദിക്കട്ടെ: മദ്യപാനം തെറ്റോ, ശരിയോ? മദ്യപാനം പ്രോത്സാഹിപ്പിക്കാൻ പാടില്ലെങ്കിൽ മദ്യപാനം തെറ്റല്ലേ? പിന്നെ എന്തിനാണ് നമ്മുടെ നാട്ടിൽ മദ്യഷാപ്പുകൾ അനുവദിച്ചിരിക്കുന്നത്? യുവതിയും കൊള്ളാം, എക്സൈസ് ഉദ്യോഗസ്ഥരും കൊള്ളാം, അബ്കാരി നിയമങ്ങൾ ഉണ്ടാക്കിയവരും കൊള്ളാം. ഓരോരോ ജന്മങ്ങള്! ❍


**S M TRUST WORKS**

ട്രസ്റ്റ് രജിസ്ട്രേഷൻ നടത്തുന്നതിനു ബന്ധപ്പെടുക

Contact: 94 95 44 65 04


**വരവിചാരം** ജെയ്മോഹൻ അതിരുങ്കൽ



